## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 242** — **28.06.2011ൽ മറുപടി നല്കേണ്ടിയിരുന്നത്**

### ഊർജ്ജ മിഷൻ പ്രോജക്ട്

| ചോദ്യം<br>ശ്രീ. പാലോട് രവി | | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള അനർട്ട്, ഊർജ്ജമിഷൻ എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ, ഫണ്ട് ദുർവിനിയോഗം എന്നിവ സംബന്ധിച്ച് ഉയർന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻമേൽ | (എ) | ഉണ്ട്. |
| (ബി) | എന്ത് നടപടി സ്വീകരിച്ചു, | (ബി) | നിയമനങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | ഊർജ്ജമിഷൻ പ്രോജക്ടിലേയ്ക്ക് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എത്ര രൂപ വീതം നാളിതുവരെ ശേഖരിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | 432 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 24,76,20,526 രൂപയും 16 മുനിസിപ്പാലിറ്റി കളിൽ നിന്നായി 1,38,76,390 രൂപയും 4 കോർപ്പറേഷനുകളിൽ നിന്നായി 1,25,50,038 രൂപയും 14 ജില്ലാ പഞ്ചായത്തുകളിൽ നിന്നായി 7,61,55,317 രൂപയും കൂടി ആകെ 35,02,02,271 രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കാനായി ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇങ്ങനെ ശേഖരിച്ച ഫണ്ടിൽ നിന്നും നാളിതുവരെ എത്ര രൂപ ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) | ഈ ഇനത്തിൽ ഇതുവരെ 5,09,87,525 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം.1 ആയി കൊടുത്തിരിക്കുന്നു. |
| (ഇ) | ഓരോ പഞ്ചായത്തിന്റെയും പവർലൈൻമാപ്പ് തയ്യാറാക്കുക, വൈദ്യുതി ഇല്ലാത്ത വീടുകളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക എന്നീ ആവശ്യങ്ങൾക്കായി രൂപീകരിച്ച ഫണ്ടിൽനിന്നും | (ഇ) | സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തൊട്ടാകെ വൈദ്യുതി യില്ലാത്ത വീടുകളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കൽ നടപടികളുടെ ഭാഗമായി 454ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുകയും ഇതിൽ 428 ഗ്രാമപഞ്ചായത്തുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് ക്രോഡീ കരണം നടന്നുവരികയും ചെയ്യുന്നു. തദ്ദേശ |

| | | | |
|---|---|---|---|
| | എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സ്ഥിതി വിവരക്കണക്കും മാപ്പും തയ്യാറാക്കി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത വിവരങ്ങൾകൈമാറുന്നതിന് മുൻപായി അവയുടെ കൃത്യത നിർണ്ണയിക്കുന്നതിനുള്ള പരിപാടികൾ നടന്നുവരുന്നു.ഇവ പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകാവുന്നതാണ്.<br>പവർ ലൈൻ മാപ്പ് തയ്യാറാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് 452 ഗ്രാമപഞ്ചായത്തുകളുള്ളതിൽ 414 ഗ്രാമപഞ്ചായത്തുകളുടെ കെഡസ്ടൽ മാപ്പ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ നടപടികൾ പൂർത്തീകരിച്ചു.ബാക്കിയുള്ള 38 സ്ഥലങ്ങളിൽ കെഡസ്ടൽ മാപ്പ് ലഭ്യമല്ലാത്തതിനാൽ ലക്ഷ്യം കൈവരിക്കാൻ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.ഇതോടൊപ്പം തന്നെ പവർലൈൻ മാപ്പിംഗ് നടത്തുന്നതിലേക്കാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ എടുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഇതു പൂർത്തി യാകുന്ന മുറയ്ക്ക് പവർലൈൻ മാപ്പിംഗ് നടത്തി അവ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാവുന്നതാണ്. |
| (എഫ്) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | (എഫ്) | ഈ വിഷയം സംബന്ധിച്ച് നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പരാതി ലഭിച്ചിട്ടില്ല. |
| (ജി) | പവർ ലൈൻ മാപ്പിംഗ് എന്ന പ്രോജക്ട് നടപ്പിലാക്കാൻ എത്ര പേരെ നിയമിച്ചു; ഇവരുടെ നിയമനരീതി വ്യക്തമാക്കുമോ; ഇവർക്കായി ശമ്പളം, അലവൻസ്, യോഗങ്ങൾ, പരിശീലനം എന്നീ ഇനങ്ങളിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; പരിശീലനത്തിന് മാത്രമായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (ജി) | സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ പദ്ധതി മുഖ്യമായും മൂന്നു ഘടകങ്ങൾ ഉൾപ്പെടുന്നതാണ്. ഒന്നാമതായി ജില്ലാ പഞ്ചായത്തുകളുമായി ചേർന്നുള്ള വലിയ പദ്ധതികൾ,രണ്ടാമതായി ഗ്രാമപഞ്ചായത്തുകൾ,മുൻസിപ്പാലിറ്റികൾ,കോർപ്പറേഷനുകൾ എന്നിവയുമായി ചേർന്നുള്ള സമഗ്ര ഊർജ്ജ പദ്ധതി, മൂന്നാമതായി അക്ഷയ ഊർജ്ജ - ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്യുവാനുള്ള പദ്ധതി എന്നിവയാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ രണ്ടാമത്തേതായ സമഗ്ര ഊർജ്ജ പദ്ധതിയുടെ മൂന്നു ഭാഗങ്ങളായ വൈദ്യുതീകരിക്കാത്ത കെട്ടിടങ്ങളുടെ സർവ്വേ, ഊർജ്ജ ഉപയോഗ സർവ്വേ, പവർ ലൈൻ മാപ്പിംഗ് എന്നിവയിലെ ഒരു ഘടകം മാത്രമായ പവർലൈൻ മാപ്പിംഗിനു മാത്രമായി ആരെയും |

| | | | |
|---|---|---|---|
| | | | നിയമിച്ചിട്ടില്ല. എന്നാൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിപൂർണ്ണമായി നടപ്പിലാക്കുന്നതിലേയ്ക്കായി 179 ടെക്നിക്കൽ അസിസ്റ്റന്റുമാരെ 2 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ഇതിൽ ആദ്യത്തെ 123 പേരെ EMC യുടെ ചുമതലയിൽ ക്യാംപസ് ഇന്റർവ്യൂ നടത്തിയും, ബാക്കിയുള്ള 56 പേരെ പത്രപരസ്യം വഴി ക്ഷണിച്ചുമാണ് കണ്ടെത്തിയത്. രണ്ട് ബാച്ചിലുള്ളവരേയും അതതു ജില്ലകളിലെ ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാർ ഉൾപ്പെട്ട കമ്മിറ്റി ഇന്റർവ്യൂ നടത്തിയാണ് അന്തിമമായി തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഇവർക്ക് ഇതുവരെ ശമ്പളം, അലവൻസ്, യോഗങ്ങൾ, പരിശീലനം എന്നീ ഇനങ്ങളിൽ 213,89,690 രൂപ ചെലവഴിച്ചു. മേൽപ്പറഞ്ഞ തുകയിൽ പരിശീലനം, മീറ്റിംഗുകൾ മുതലായ ആവശ്യങ്ങൾക്ക് മാത്രമായി 29,42,295 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ അനെർട്ടിലുള്ള ജില്ല എഞ്ചിനീയർമാർ മറ്റ് ഓഫീസ് സ്റ്റാഫുകൾ എന്നിവരുടെ സേവനവും ഇതിലേക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷനിലേയ്ക്കു മാത്രമായി പ്രോഗ്രാം മാനേജർമാർ, കോർഡിനേറ്റർമാർ തുടങ്ങി 29 പേരെ നിയമിച്ചിട്ടുണ്ട്. അവർക്കു നൽകിയ ശമ്പളം 167,01,539 ആണ്. (ചെലവുകളുടെ വിവരങ്ങൾ അനുബന്ധം.2 ആയി ചേർത്തിരിക്കുന്നു) |
| (എച്ച്) | ഈ പദ്ധതിക്കായി കേന്ദ്രഗവൺമെന്റിന്റെ ഇൻഗ്രേറ്റഡ് റൂറൽ എനർജി പ്രോഗ്രാം (ഐ.ആർ.ഇ.പി) -ൽ നിന്നും എത്ര രൂപ ചെലവഴിച്ചു;അതിൽ നിന്നും എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായി; | (എച്ച്) | പവർലൈൻ മാപ്പ് പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ ഐ.ആർ.ഇ.പി ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടില്ല. |
| (ഐ) | ഐ.ആർ.ഇ.പി അനുസരിച്ച് എത്ര പേരെ ഏതെല്ലാം തസ്തികകളിൽനിയമിച്ചിട്ടുണ്ട് ; അവരുടെ നിയമനരീതി എന്തായിരുന്നു;അവരെ അനർട്ടിൽ | (ഐ) | IREP പദ്ധതി 1986ൽ തുടങ്ങിയതാണ്.അതിലേക്കായി ഈ പദ്ധതി പ്രകാരം സംസ്ഥാനതലത്തിൽ വിവിധ തസ്തികകളിലായി 21 പേരും ജില്ലാതലത്തിൽ 5 വീതം ആകെ 70ഉം തസ്തികകളാണ് ഉണ്ടായിരുന്നത്.ഈ തസ്തികകളിൽ വിവിധ |

| | |
|---|---|
| സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ എന്നു മുതൽ സ്ഥിരപ്പെടുത്തി എന്നും സ്ഥിരപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കാമോ? | കാലങ്ങളിലായി എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്/ഡെപ്യൂട്ടേഷൻ പ്രകാരം നിയമനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി 2008 മാർച്ച് 31 ന് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയപ്പോൾ നിലവിലുണ്ടാ യിരുന്നവരിൽ 10 എഞ്ചിനീയർമാർ, 10 ക്ളാർക്ക് ടൈപ്പിസ്റ്റ്മാർ 7 ഹെൽപ്പർമാർ എന്നിവരെ 10.05.2011 ലെ G.O(MS) No.20/2011/PD നമ്പർ ഉത്തരവ് പ്രകാരം അനെർട്ടിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതിന് സ്വീകരിച്ച മാനദണ്ഡം താഴെ പറയുംപ്രകാരമാണ്.<br><br>1)നിയമാനുസൃതവും അംഗീകൃതവുമായ മാർഗ്ഗത്തിലൂടെ നിയമിക്കപ്പെടുകയും 10 വർഷത്തിലധികമായി ഈ സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നവരുമായ ജീവനക്കാർക്ക് 2006 AIR (SC) 1806 കേസിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം അവകാശപ്പെട്ട പരിരക്ഷ.10.5.2011 ലെ സർക്കാർ ഉത്തരവ് അനുബന്ധം ആയി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

33/

ANERT

| Expenditure till date on TESM activities (Provisional) | |
|---|---|
| | |
| Particulars of expenditure | **Expenditure up to 23rd June 2011** |
| | |
| Information education & communication | 8088 |
| Meetings & workshops | 1003409 |
| Training | 1938886 |
| Selection of Tech assistants | 331624 |
| Choola program | 964214 |
| District level organization | 755607 |
| Detailed project report preperation | 1170310 |
| Remote village electrification program LG share | 4950608 |
| Mandatory survey | 11409845 |
| Sample survey | 89851 |
| Powerline mapping | 2150715 |
| CFL program | 420078 |
| Devices | 21064959 |
| Honorarium to TA and CFL distribution | [illegible] |
| | 50987525 |

Section Officer

അനുബന്ധം - 2

## സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം, മീറ്റിംഗ് വർക്ക്ഷോപ്പുകൾ എന്നിവയ്ക്ക് ചെലവായതിന്റെ വിവരങ്ങൾ

| ഇനം | തീയതി | വിവരണം | രൂപ |
|---|---|---|---|
| ട്രെയിനിംഗ് | 04.06.2010 | ഗവൺമെന്റ് ആശുപത്രികളിലും സ്ഥാപനങ്ങളിലും എനർജി ആഡിറ്റുമായി ബന്ധപ്പെട്ട ചെലവ് | 28622 |
| | 22.06.2010 | അഡ്വാൻസ് തിരിച്ചടവ് കഴിച്ച് ബാക്കി | 37500 |
| | 16.09.2010 | കണ്ണപുരം ഗ്രാമപഞ്ചായത്തിൽ നടത്തിയ വർക്ഷോപ്പിൽ ചെലവായ തുക | 48936 |
| ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പരിശീലനം | 25.02.2009 | ടെക്നിക്കൽ അസിസ്റ്റന്റുമാർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം തയ്യാറാക്കുന്നതിനുള്ള ചെലവ് | 7937 |
| | 19.03.2009 | ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഇൻഡക്ഷൻ പരിശീലനത്തിന് വാഹനച്ചെലവ്, യാത്രാച്ചെലവ് മുതലയാവ | 80106 |
| മീറ്റിംഗ് & വർക്ക്ഷോപ്പ് | 01.04.2009 | ടെസം പ്രോഗ്രാമിനുള്ള യാത്രാപ്പടി | 40381 |
| | 01.04.2009 | ടെസം പ്രോഗ്രാം ഭക്ഷണത്തിനായി ചെലവായ തുക | 73787 |
| | 01.04.2009 | ടെസം പ്രോഗ്രാം ഭക്ഷണത്തിനായി ചെലവായ തുക | 64571 |
| | 01.04.2009 | ബാനർ പ്രിന്റ് ചെയ്തത് | 59832 |
| | 01.04.2009 to 08.03.2010 | ജീവനക്കാരുടെ യാത്രാപ്പടി ചെലവ് | 162762 |
| | 03.06.2009 | ടെസം പ്രോഗ്രാം പരസ്യത്തിനു വേണ്ടി ചെലവായ തുക | 11305 |
| | 15.06.2009 | ടെസം പ്രോഗ്രാമിനുവേണ്ടി കമ്പ്യൂട്ടറും മറ്റു സാമഗ്രികളും വാടകയ്ക്കെടുത്തത് | 21992 |
| | 08.07.2009 | വാഹന വടക | 5236 |
| | 18.09.2009 | മരിയാ റാണി സെന്റർ, ചാവടിമുക്ക്, തിരുവനന്തപുരത്ത് നടന്ന ടെസം മീറ്റിംഗ്– Food and Accommodation | 13150 |
| | 13.10.2009 | തൃശ്ശൂർ കിലയിൽ നടന്ന ട്രെയിനിംഗ് വർക്ക്ഷോപ്പിലെ ചെലവ് | 54525 |
| | 27.10.2009 | എഞ്ചിനയർമാർക്ക് ട്രെയിനിംഗ് നടത്തിയ ചെലവ് | 120755 |
| | 03.11.2009 | സ്റ്റാഫ് ട്രയിനംഗ് പ്രോഗ്രാം | 45000 |
| | 08.12.2009 | വാഹന വടക | 22886 |
| | 31.12.2009 | ബാനർ ജില്ലാ ഓഫീസുകളിൽ എത്തിച്ചതിനുള്ള വാഹന വാടകയും മറ്റ് ചെലവുകളും | 42653 |
| | 07.01.2010 | വാഹന വടക | 61539 |
| | 13.01.2010 | വിവിധ മീറ്റിംഗ് നടത്തിയതിനുള്ള റൂം വാടക | 36381 |
| | 09.03.2010 | കോവളം ലേസെന്ററിൽ നടന്ന മീറ്റിംഗ് | 138386 |
| | | ട്രെയിനിംഗുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ | 28476 |

| | | | |
|---|---|---|---|
| ട്രെയിനിംഗും അവലോകനവും | 01.04.2009 | സ്റ്റേറ്റ് ലെവൽ ഫാക്കൽറ്റി ഓറിയന്റേഷൻ പ്രോഗ്രാം – കണ്ണപുരം | 277421 |
| | 01.04.2009 | മാൻഡേറ്ററി എനർജി സർവ്വെ ട്രെയിനിംഗ് – കണ്ണപുരം | 213872 |
| പവർലൈൻ മാപ്പിംഗ്– മാസ്റ്റർ ട്രെയിനിംഗ് വർക്ക്ഷോപ്പ് | 21.04.2009 | ഓണറേറിയം | 15747 |
| | 01.06.2009 | പ്രിന്റിംഗ് ചാർജ്ജ് | 97728 |
| | 10.06.2009 | ഫോട്ടോകോപ്പി ചാർജ്ജ് | 17114 |
| | 10.06.2009 | ഫോട്ടോകോപ്പി ചാർജ്ജ് | 21666 |
| | 23.06.2009 | സ്റ്റേഷനറി | 14483 |
| | 23.06.2009 | ബാനർ അടിച്ച വകയിൽ | 48780 |
| | 24.06.2009 | ഓണറേറിയം | 29864 |
| | 25.06.2009 | ഫോട്ടോകോപ്പി ചാർജ്ജ് | 45968 |
| | 09.07.2009 | വാഹന വാടക | 31000 |
| | 14.07.2009 | ഫോട്ടോകോപ്പി ചാർജ്ജ് | 15752 |
| | 14.07.2009 | ഫോട്ടോകോപ്പി ചാർജ്ജ് | 46437 |
| ടെക്നിക്കൽ അസിസ്റ്റന്റ് ബാച്ച് 1 ന് ചെലവായ തുക | 01.04.2009 | ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഇൻഡക്ഷൻ പരിശീലനം | 676163 |
| | 15.06.2009 | യാത്രാപ്പടി | 15791 |
| | 30.10.2009 | ഹാൾ വാടക | 167791 |
| | | ***ആകെ*** | ***2942295*** |

Section Officer

6,/

## സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു വിവരങ്ങൾ

| ഇനം | തുക |
|---|---|
| ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ശമ്പളം | 184,47,395 |
| മീറ്റിംഗ്, വർക്ക്ഷോപ്പ് | 10,03,409 |
| ട്രെയിനിംഗ് | 19,38,886 |
| **ആകെ** | **213,89,690** |
| പ്രോഗ്രാം മാനേജർമാർ, കോർഡിനേറ്റർമാർ എന്നിവർക്കു നൽകിയ ശമ്പളം | 167,01,539 |

Section Officer

അനുബന്ധം - 3

GOVERNMENT OF KERALA

**Abstract**

**Power Department - ANERT-Regularization of IREP staff in ANERT-sanctioned--**

**Orders issued.**

---

**POWER (PS) DEPARTMENT**

**G.O. (MS) No.20/2011/PD Dated, Thiruvananthapuram, 10.05.11**

---

**Read :** -1. G.O(P) No.9/2009/PD dated 18/9/2009.
2. G.O(P) No.18/2009/PD dated 16/12/2009.
3. Lr.No.641/HRM1/2011/ANERT dt 28/1/2011 from the Director, ANERT
4. Judgement of the Supreme Court of India, Secretary State of Karnataka and others Vs Umadevi and others 2006 AIR (SC-1806).
5. Govt.Lr.No.1542/PS2/11/PD dated 1/3/2011.
6. Lr.No.641/HRM1/2011/ANERT dated 1/3/2011 from the Director ANERT.

## ORDER

As per the Government Order read as first and second paper above, Government have approved the report of the restructuring committee of ANERT. In the above order it has been stated that the 13 project Engineers of ANERT, currently working as IREP project functionaries and twenty eight district level administrative functionaries in IREP project in the district shall be regularized against the vacant positions in ANERT in the TESM project, and shall be done based on their performance.

As per the letter read as third paper above, the Director, ANERT has furnished the process for the assessment of IREP staff who have signed agreement with Director and furnished their lists for regularization.

Vide Judgement of the Honorable Supreme Court of India read as 4th paper above, who have been recruited through an official channel and spent 10 years of service in the post could be regularized. Hence Government as per the letter read as fifth paper above have requested Director, ANERT to furnish the list of personel who were recruited through Employment exchange/Public advertisement. Director, ANERT as per the letter read as sixth paper above has furnished the list of employees and their mode of appointment in ANERT.

In the circumstances stated above, Government are pleased to regularize the service of the following persons who were recruited through Employment exchange and have spent 10 years of service in ANERT.

| Sl.No. | Name of the Employee | Date of entry in Service |
|---|---|---|
| 1. | Madhu.S | 29-05-1996 |
| 2. | Rajesh.R | 1-03-1993 |

| | | |
|---|---|---|
| | Jayachandran. Nair.P | 27-02-1993 |
| | Aneesh S Prasad | 15-07-1991 |
| 5. | Chandrabose C.K | 22-02-1993 |
| 6. | Jayakumar.R | 29-05-1996 |
| 7. | Ajithkumar.C.T | 15-07-1991 |
| 8. | Sebastian.C | 29-05-1996 |
| 9. | Joseph George | 15-07-1991 |
| 10. | Kala K.G | 25-05-1994 |
| 11. | Arockiya Das.S | 27-04-1992 |
| 12. | Beena.U | 28-07-1994 |
| 13. | Janet.J.C | 30-07-1994 |
| 14. | Mani.V | 02-06-1993 |
| 15. | Thankamma T.R | 25-07-1994 |
| 16. | Raji.A.R | 31-03-1995 |
| 17. | Gopinathan P.G | 28-04-92 |
| 18. | Santhi.A | 2-02-1995 |
| 19. | Radhamani Ammal.V.A | 5-06-1993 |
| 20. | Vimala.J | 2-02-1995 |
| 21. | Vincent.K | 30-04-92 |
| 22. | Abdul Majeed.K.C | 27-04-1992 |
| 23. | Radhakrishnan.E | 24-05-1991 |
| 24. | Sreekumar.E.P | 30-04-1992 |
| 25. | Muhamed Koya V.K | 16-06-1990 |
| 26. | Ouseph.P.J | 08-10-1990 |
| 27. | Chandran.E.K | 08-08-1990 |

By Order of the Governor,
Dr.S.SUBBIAH
Principal Secretary

The Director, ANERT.
Persons concerned (Through Director, ANERT)
The GA (SC) Department vide item No.
The Accountant General (Audit/AE).
Finance Department (vide UO No.17611/PUC2/2011/Fin dated 04-03-2011).
Stock file &Office Copy

Forwarded by Order

Section Officer